21101296

**QP CODE: 21101296**

**Reg No : ....................**

**Name : ....................**

## B.A DEGREE (CBCS) EXAMINATION, APRIL 2021

### Sixth Semester

### Choice Based Core Course - ML6CBT01 - MALAYALATHILE STHREE RACHANAKAL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

3CF6BE69

Time: 3 Hours | Max. Marks : 80

***Instructions to Private candidates only:*** *This question paper contains two sections. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II****, Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

### SECTION I

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. ഒരു സമൂഹത്തിൽ സ്ത്രീക്ക് സ്വത്വാവിഷ്കാരം പുരുഷന്റെയത്ര എളുപ്പമല്ല- എന്നു പറയുന്നതെന്തുകൊണ്ട്
2. ദേവകീനിലയങ്ങോടിന്റെ ആത്മകഥയുടെ ആഖ്യാനസവിശേഷതകൾ എന്തെല്ലാം ?
3. "തലച്ചോറുള്ളവർ ഈ പ്രവർത്തിക്ക് വരുന്നത് കഷ്ടമാണ് "- ആരുടെ വാക്കുകൾ ? സന്ദർഭമേത് ?
4. "എന്റെ ശബ്ദത്തിലെ പാരുഷ്യം എന്നെത്തന്നെ അമ്പരപ്പിച്ചു". എന്തുകൊണ്ട് ?
5. "മേലാളികൾ ശരീരത്തെയോ ആത്മാവിനെയോ ഉപദ്രവിക്കുകയില്ല- അവർ കമ്പ്യൂട്ടറുകളെ നിശ്ശബ്ദരാക്കുകയേ ഉള്ളൂ" എന്നു പറയുന്നതെന്തുകൊണ്ട് ?
6. "അരുതച്ഛാ , മായതൻ നീരാളിക്കൈകളിൽ
ഞെരിയാനോ നേടി ഞാൻ തത്വബോധം"- ആര് ? പറയാനിടയായ സാഹചര്യമെന്ത്?

7. “വരഗാനമിതൊന്നുപാടുകിൽ
കരൾകത്തും വ്യഥ മോദമാക്കിടാം
നിശയെ പകലാക്കി മാറ്റിടാം
നരകം വിണ്ടലമായി പകർത്തിടാം”. - അർത്ഥ ഭംഗി വിശദമാക്കുക.

8. “കൊത്തിനുറുക്കി
വേവിച്ചൂറ്റിയപ്പോഴും
ആത്മാവുമാത്രം നുറുങ്ങിയില്ല
വെന്തതുമില്ല- ഇവിടെ തെളിയുന്ന ദർശനമെന്ത് ?

9. “ഓ, ഇതിലിത്രയെ്ക്കന്തുവാ ?എന്ന് ചിന്തിക്കാനിടയായ സാഹചര്യമെന്ത് ?

10. പാരിസ്ഥിതിക സ്ത്രീവാദം - കുറിപ്പെഴുതുക

11. ആദ്യകാലസ്ത്രീ നാടകങ്ങൾ - കുറിപ്പെഴുതുക

12. കള്ളന്റെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. സാഹിത്യത്തിന്റെ പുനർവായനയിൽ സ്ത്രീവാദസിദ്ധാന്തങ്ങളുടെ സാധ്യതകൾ എന്തെല്ലാം ?

14. “ശിഷ്യനും മകനുമെന്ന കവിത ഒരാൺനോട്ടമാണ്” - വിലയിരുത്തുക

15. “അയ്യോ ! മനുഷ്യർ വയസ്സാകുന്തോറും അത്യന്തം പരമാർത്ഥക്കാരും ഒട്ടും ഒളിച്ചുവയ്പ്പില്ലാത്തവരും ആയിരിക്കുമോ” എന്ന ചിന്തയുടെ പിന്നിലുള്ള ഭയമെന്ത് ?

16. “കൊല്ലപ്പെടാൻ, ബഹിഷ്കരിക്കപ്പെടാൻ, പ്രണയിക്കപ്പെടാനും തിരസ്കരിക്കപ്പെടാനും ഷഹറാസാദിനുമുമ്പിൽ കഥാപാത്രങ്ങൾ ഓരോ രാത്രിയിലും കാത്തുനിന്നു”- സന്ദർഭം വ്യക്തമാക്കുക.

17. “എങ്ങോ ജലംകൊണ്ട് നല്കും കറുമ്പിയാം പെണ്ണിവളെ ”കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ ?

18. “വിസ്മയത്തിന്റെ
വിരൽത്തുമ്പ് കൊണ്ട്
നീയെന്നെയെന്നാണൊരു
പെണ്ണാക്കിമാറ്റുക” ഈ ചോദ്യത്തിന്റെ ഔചിത്യഭംഗി എന്ത്?

19. ചങ്ങംകണ്ടം എന്ന സ്ഥലത്തെ ആതി എന്ന നോവലിൽ അവതരിപ്പിക്കുന്നതെങ്ങനെ ?

20. നാടക അഭിനയരംഗത്തെ സ്ത്രീകളുടെ പ്രാധാന്യം വിശദമാക്കുക

21. നാടകവേദിയിൽ സ്ത്രീ കഥാപാത്രങ്ങളുടെ ഭാഷയ്ക്കുള്ള പ്രത്യേകതകൾ ആദ്യകാലനാടകങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ***15*** മാർക്ക് വീതം.

22. സ്ത്രീ ആത്മകഥകളുടെ പ്രത്യേകതകൾ വിവരിക്കുക.

23. സ്ത്രീകഥാകൃത്തുക്കളുടെ രചനാസവിശേഷതകൾ എന്തെല്ലാം ?

24. പുതിയ സാഹചര്യത്തിൽ ഗിരിജാ പി. പതേക്കര , ബിന്ദു കൃഷ്ണൻ, ധന്യ എം.ഡി എന്നിവരുടെ കവിതകൾക്കുള്ള പ്രാധാന്യം ചർച്ച ചെയ്യുക

25. പരിസ്ഥിതിയേയും സ്ത്രീയേയും ആഖ്യാനം ചെയ്യുന്ന രീതി , ഭാഷാ എന്നിവയിൽ വന്നിരിക്കുന്ന പുതിയ മാറ്റങ്ങൾ അടയാളപ്പെടുത്തുക.

(2×15=30)